**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2415** **27-02-2023 - ൽ മറുപടിയ്ക്ക്**

**സർക്കാരിന്റെ നിലവിലെ സാമ്പത്തിക ബാദ്ധ്യതകൾ.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സാമൂഹ്യ സുരക്ഷാ പെൻഷൻ കുടിശ്ശിക, പി.ഡബ്ല്യൂ.ഡി കോൺട്രാക്ടർ , ജലവിഭവ വകുപ്പ് കോൺട്രാക്ടർമാർ, ജീവനക്കാരുടെ ഡി.എ. കുടിശിക, സിവിൽ സപ്ലൈസ് കോർപ്പറേഷന് നൽകുവാനുള്ള തുക, വിവിധ തരത്തിലുള്ള മറ്റ് കുടിശികകൾ എന്നിങ്ങനെ ഏതെല്ലാം ഇനങ്ങളിൽ, എത്ര തുക വീതം കൊടുത്ത് തീർക്കുവാൻ ബാധ്യതയുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | (എ) | 06.09.2020-ലെ സ.ഉ. (പി)നം. 118/2020/ധന. പ്രകാരം അതാത് മാസത്തെ പെൻഷൻ എല്ലാ മാസവും 20-ാം തീയതിക്കും 30-ാം തീയതിക്കുമിടയിൽ വിതരണം ചെയ്യുന്നതാണെന്ന് ഉത്തരവായിരുന്നു. അപ്രകാരം 2020 സെപ്റ്റംബർ മാസം മുതൽക്ക് പരമാവധി ആതാത് മാസം തന്നെ സാമൂഹ്യ സുരക്ഷാ പെൻഷൻ ഉൾപ്പെടെയുള്ള ക്ഷേമ പെൻഷനുകൾ വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ ചില സാഹചര്യങ്ങളിൽ 2 മാസത്തെ പെൻഷൻ ഒരുമിച്ചും നൽകിയിട്ടുണ്ട്. 2023 ഡിസംബർ മാസത്തെ സാമൂഹ്യ സുരക്ഷാ പെൻഷൻ 23.02.2023-ലെ സ.ഉ(സാധാ) നം. 1320/2023/ധന. പ്രകാരവും, സർക്കാർ നൽകുന്ന ധനസഹായമുപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന ക്ഷേമനിധി ബോർഡ് പെൻഷനുകൾ സ.ഉ(സാധാ) നം.1364/2023/ധന. ഉത്തരവ് പ്രകാരവും അനുവദിച്ചിട്ടുണ്ട്.<br><br>ജീവനക്കാരുടെ ഡി.എ കുടിശ്ശിക എത്രയെന്ന് കണക്കാക്കിയിട്ടില്ല.<br><br>കുടിശ്ശിക സംബന്ധിച്ച് വിവിധ വകുപ്പുകളിൽ നിന്ന് നിലവിൽ ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>കേരള സ്റ്റേറ്റ് കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷൻ -<br><br>സിവിൽ കോൺട്രാക്ടർമാർക്ക് - 4 കോടി രൂപ 2022-ലെ ഗ്രാറ്റുവിറ്റി ഇനത്തിൽ 4 കോടി രൂപ<br><br>സിവിൽ സപ്ലൈസ് കോർപ്പറേഷൻ, പൊതു വിതരണ ഉപഭോക്തൃ കമ്മീഷണറുടെ കാര്യാലയം വഴി സമർപ്പിച്ച ക്ലെയിമുകളിൽ ദേശീയ ഭക്ഷ്യഭദ്രതാ നിയമപ്രകാരമുള്ള റേഷൻ ഭക്ഷ്യധാന്യ വിതരണത്തിന്റെ ഗതാഗത കൈകാര്യ ചെലവിനത്തിൽ ജനുവരി 2022 മുതൽ സെപ്റ്റംബർ 2022 വരെയുള്ള കാലയളവിലെ 185.51 കോടി രൂപ, നെല്ല് സംഭരണം നടത്തിയയിനത്തിൽ മെയ് 2022 മുതൽ ഒക്ടോബർ 2022 വരെയുള്ള |

കാലയളവിലെ 315.8114 കോടി രൂപ, പൊതുവിതരണത്തിനുള്ള റേഷൻ ഭക്ഷ്യധാന്യമായ കുത്തരി വാങ്ങിയയിനത്തിൽ ഡിസംബർ 2022 മാസത്തെ 11.846 കോടി രൂപ, വിവിധ പദ്ധതി പ്രവർത്തനങ്ങൾ നടത്തിയയിനത്തിൽ- ഇന്റർ മീഡിയറി ഗോഡൗൺ നിർമ്മാണയിനത്തിൽ 8,19,527/- രൂപയും, ERP ഇനത്തിൽ 16,18,370/- രൂപയും GPS പദ്ധതിയുടെ സെക്കന്റ് ഇൻസ്റ്റാൾമെന്റ് ഇനത്തിൽ 8,99,200/- രൂപയും സപ്ലൈകോയുടെ വിവിധ വിൽപ്പനശാലകൾ നവീകരിച്ച ഇനത്തിൽ 1.26,24,129.90/- രൂപയും, തെർമൽ റോൾ പേപ്പറുകൾ, സിം ചാർജ് ഇനത്തിൽ 1,45,67,867/- രൂപയും ഉൾപ്പടെ ആകെ 3,05,29,094/- രൂപ കുടിശ്ശികയുണ്ട്.

ഇൻലാൻഡ് നാവിഗേഷൻ വകുപ്പിൽ കോൺട്രാക്ടർമാർക്ക് 7,19,34,895 രൂപ കുടിശ്ശികയുണ്ട്. ടി വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നം. | ഹെഡ് ഓഫ് അക്കൗണ്ട് | ബിൽ തുക |
|---|---|---|
| 1 | 5075-60-800-94-03-00-PV | 7,09,57,107 |
| 2 | 3056-00-001-96-00-00-PV | 9,36,970 |
| 3 | 3075-60-800-97-00-00-NV | 40,908 |
| ആകെ | | 7,19,34,895 |

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലെ തിരുവനന്തപുരം സർക്കാർ ആയുർവേദ കോളേജിലേയും അനുബന്ധ സ്ഥപനങ്ങളിലേയും വെള്ളക്കരം കുടിശ്ശികയിനത്തിൽ 82 ലക്ഷം രൂപ കേരള വാട്ടർ അതോറിറ്റിയ്ക്കും ഇലക്ട്രിസിറ്റി ചാർജ്ജ് കുടിശ്ശികയിനത്തിൽ 14 ലക്ഷം രൂപ കെ.എസ്.ഇ.ബി-ക്കും നൽകാനുണ്ട്. ആയുർവേദ കോളേജ് ഫാർമസിയിലേയ്ക്ക് മരുന്ന് നിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ, പച്ചമരുന്നുകൾ, വിവിധതരം എണ്ണകൾ എന്നിവ വിതരണം ചെയ്ത വകയിൽ കരാറുകാർക്ക് 37 ലക്ഷം രൂപ കുടിശ്ശികയുണ്ട്. കേരള ആയുർവേദ പഠന ഗവേഷണ സൊസൈറ്റിയ്ക്ക് കീഴിൽ സർക്കാരിൽ നിന്നും ഭരണാനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്ലാൻ ഫണ്ടുപയോഗിച്ച് 2018 മുതൽ നടത്തിയ വിവിധ നിർമ്മാണ പ്രവർത്തികളുടെ ബിൽ കുടിശ്ശികയിനത്തിൽ 5,25,86,768/- രൂപ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോഓപ്പറേറ്റീവ് സൊസൈറ്റിക്ക് കുടിശ്ശികയുണ്ട്. വൈദ്യരത്നം ആയുർവേദ കോളേജിൽ

യു.ജി.സി പേ-റിവിഷൻ അരിയർ, സാലറി അരിയർ ഇനത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ 2210-05-101-65- ഹെഡിൽ 2 കോടി രൂപ കുടിശ്ശികയുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ 2210-05-101-67- പ്ലാൻ ഫണ്ടിൽ 1,00,00,000/- രൂപ ലഭ്യമാക്കേണ്ടതായുണ്ട്. ഹോമിയോപ്പതി വകുപ്പിന്റെ വിവിധ പദ്ധതികളിൽ പ്ലാൻ ഫണ്ട് വഴി ജോലി ചെയ്യുന്ന കരാർ ജീവനക്കാരുടെ ശമ്പളം കുടിശ്ശികയിനത്തിൽ 1,83,59,749/- രൂപയും ഹോമിയോപ്പതി വകുപ്പിന് കീഴിലുള്ള 14 ജില്ലാ മെഡിക്കൽ ഓഫീസുകളിലെ വാഹനം കരാർ അടിസ്ഥാനത്തിൽ ഓടിയ വകയിൽ ഡ്രൈവർമാർക്ക് കൊടുക്കേണ്ട തുക ഇനത്തിൽ 17,56,154/- രൂപയും ഇടുക്കി ജില്ലാ മെഡിക്കൽ ഓഫീസ് വാടക ഇനത്തിൽ49,000/- രൂപയും, പത്തനംതിട്ട ജില്ലാ മെഡിക്കൽ ഓഫീസിന്റെ വാടക കുടിശ്ശിക ഇനത്തി 2,03,204/- രൂപയും കുടിശ്ശികയായുണ്ട്. കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപറേറ്റീവ് ഫാർമസി ലി.മി (ഹോം കോ) യിൽ ജീവനക്കാർക്ക് 11-ാ ശമ്പള പരിഷ്കരണം അനുവദിച്ചു നൽകിയതിൽ 25ലക്ഷത്തോളം രൂപ ശമ്പള കുടിശ്ശിക ഇനത്തിലും 5 ലക്ഷം രൂപ ക്ഷാമബത്ത കുടിശ്ശിക ഇനത്തിലും സ്ഥാപനത്തിന് കുടിശ്ശികയായുണ്ട്.

എക്സൈസ് വകുപ്പിൽ വിവിധ തരത്തിലുള്ള മറ്റ് കുടിശ്ശികകൾ എന്ന ഇനത്തിൽ വെള്ളക്കരം ടെലഫോൺ കെട്ടിട വാടക, കെട്ടിട നികുതി വാഹനങ്ങളുടെ സംരക്ഷണവും, അറ്റകുറ്റപ്പണികളും , പി.ഒ.എൽ എന്നീ ഇനങ്ങളിലായി ആകെ 2,75,75,054/ രൂപ കുടിശ്ശികയുണ്ട്. ടി കുടിശ്ശിക വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വെള്ളക്കരം | 1,27,324 |
| ടെലിഫോൺ ചെലവ് | 7,99,454 |
| കെട്ടിട വാടക, കെട്ടിട നികുതി | 73,93,378 |
| മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും | 71,80,923 |
| പി.ഒ.എൽ | 1,20,73,975 |

വനിതാ ശിശു വികസന വകുപ്പ് നടപ്പിലാക്കുന്ന സംയോജിത ശിശു സംരക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന 14 ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകൾ, ഗവ. ചിൽഡ്രൻസ് ഹോം, ഗവ. ഒബ്സർവേഷൻ ഹോം, ഗവ. പ്ലെയ്സ് ഓഫ് സേഫ്റ്റി, ചൈൽഡ് വെൽഫെയർ കമ്മിറ്റി, ജുവനൈൽ ജസ്റ്റീസ് ബോർഡ് എന്നിവിടങ്ങളിൽ കരാറടിസ്ഥാനത്തിൽ

ജീവനക്കാർ സേവനം അനുഷ്ഠിച്ചു വരുന്നു. കേന്ദ്ര സർക്കാരിന്റെ മിഷൻ വാത്സല്യ ഗൈഡ് ലൈൻ പ്രകാരമാണ് പദ്ധതി പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നതെങ്കിലും വിവിധ കംപോണെന്റുകളിലായി SCPS, SARA, DCPU, JJ Homes, CWC, JJB-കളിലെ ജീവനക്കാരുടെ കാറ്റഗറി നിശ്ചയിച്ച വേതനം വർദ്ധിപ്പിച്ച് സ.ഉ.പി. നം. 29/2021/ധന തീയതി: 11.02.2021 പ്രകാരം സർക്കാർ ഉത്തരവായതിന്റെ അടിസ്ഥാനത്തിലാണ് നാളിതുവരെ ജീവനക്കാർക്ക് വേതനം അനുവദിച്ചു വന്നിരുന്നത്. സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ പ്രവർത്തനം 2022-23 സാമ്പത്തിക വർഷം മുതൽ PFMSമുഖേന നടപ്പിലാക്കിയതിന്റെ അടിസ്ഥാനത്തിൽ വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറുടെ പേരിൽ SNA അക്കൗണ്ട് രൂപീകരിക്കുകയും, ആയതിലേക്ക് മിഷൻ വാത്സല്യ മാർഗ്ഗ നിർദേശ പ്രകാരമുള്ള തുക നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. മിഷൻ വാത്സല്യയുടെ പുതുക്കിയ മാർഗ്ഗ നിർദേശപ്രകാരം SNA അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള തുക മാത്രമേ, പിൻവലിക്കുവാൻ സാധിക്കുകയുള്ളു. ടി സാഹചര്യത്തിൽ കരാർ അടിസ്ഥാനത്തിൽ സേവനം അനുഷ്ഠിക്കുന്ന ജീവനക്കാർക്ക്, 2022 സെപ്റ്റംബർ മാസം മുതൽ മിഷൻ വാത്സല്യ പ്രകാരമുള്ള വേതനം മാത്രമാണ് അനുവദിച്ചു നൽകി വരുന്നത്. മിഷൻ വാത്സല്യ പദ്ധതിയുടെ പ്രവർത്തനത്തിനുള്ള ഫണ്ട് 2022 ഏപ്രിൽ 1 മുതൽ PEMS മുഖേന മാത്രമേ അനുവദിക്കുവാൻ സാധിക്കുകയുള്ളൂ എന്നതിനാൽ, 11.02.2021 ലെ സ.ഉ.(പി) നം.29/2021/ധന നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ച വേതനം ജീവനക്കാർക്ക് പുനഃസ്ഥാപിച്ച് 2023 മാർച്ച് വരെ, കുടിശ്ശിക ഉൾപ്പെടെ ആവശ്യമായ 1,07,92,754 രൂപ ആവശ്യമാണ്. അങ്കണവാടി ക്ഷേമനിധി ബോർഡിൽ നിന്നും അംശാദായ പെൻഷനാണ് നല്കി വരുന്നത്. 2022 ഏപ്രിൽ 30 ന വിരമിച്ച അങ്കണവാടി പ്രവർത്തകരിൽ നിലവിൽ 435 വർക്കർമാർക്കും 315 ഹെൽപ്പർമാർക്കും പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനായി 5,45,64,096/-രൂപ ആവശ്യമായിട്ടുണ്ട്. അങ്കണവാടി ക്ഷേമനിധി ബോർഡിന് 2021-22 വരെയുള്ള സർക്കാർ വിഹിതമായി 2,67,05,279/-രൂപ (രണ്ട് കോടി അറുപത്തി ഏഴ് ലക്ഷത്തി അയ്യായിരത്തി ഇരുന്നൂറ്റി എഴുപത്തി ഒൻപത് രൂപ മാത്രം) ലഭിക്കാനുണ്ട്. കൂടാതെ വനിത വികസന വകുപ്പിലെ അങ്കണവാടി കെട്ടിട വാടകയിനത്തിൽ ഡിസംബർ, ജനുവരി, ഫെബ്രുവരി മാസങ്ങളിലായി 216,75,261 രൂപ കുടിശ്ശികയുണ്ട്. അങ്കണവാടി പ്രവേശനോത്സവം സോഷ്യൽ മീഡിയ വഴി പ്രചരണത്തിനായി സി-ഡിറ്റിന് 4,05,920/- രൂപ നൽകുവാനുണ്ട്. അങ്കണവാടി ട്രെയിനിംഗ്

സെന്ററുകൾക്ക് 2019-20 സാമ്പത്തിക വർഷത്തെ റിഫ്രഷർ ട്രെയിനിംഗ് നടത്തിയ ഇനത്തിൽ 2,22,400/- രൂപ കുടിശ്ശികയുണ്ട്. വനിത ശിശു വികസന വകുപ്പിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തിൽ കുടിശികയിനത്തിൽ അഭയ, തിരുവനന്തപുരം എന്ന സ്ഥാപത്തിന് 13,00,000/- രൂപയും ശാരദ കൃഷ്ണയ്യർ, സദ്ഗമയ സെന്റർ, എറണാകുളം എന്ന സ്ഥാപനത്തിന് 7,19,746/- രൂപയും അന്വേഷി, സ്ഥാപനത്തിന് 3,75,000/- രൂപയും നൽകാനുണ്ട്.

പത്രപ്രവർത്തക പെൻഷൻ പദ്ധതി പ്രകാരം 4,78,10,500/- രൂപയും, പത്രപ്രവർത്തകേതര പെൻഷൻ പദ്ധതി പ്രകാരം 10കോടിയോളം രൂപയും നിലവിൽ കുടിശ്ശികയിനത്തിൽ പെൻഷണർമാർക്ക് നൽകാനുണ്ട്.

ജില്ലാ സൈനിക ക്ഷേമ ആഫീസുകളുടെ വാടക കുടിശ്ശിക ഇനത്തിൽ 3,49,702/- രൂപയും ടെറിട്ടോറിയൽ സേനയിലെ മെഡൽ/കീർത്തി മുദ്ര ഇവയ്ക്ക് അർഹരായ ടെറിട്ടോറിയൽ സേനാംഗങ്ങളുടെ ആശ്രിതർക്കുള്ള ക്യാഷ് അവാർഡ് ഇനത്തിൽ 50,000/- രൂപയും, ഡിഫൻസ് സർവ്വീസുകളിലെ ധീരതയ്ക്കുള്ള കീർത്തിമുദ്രയ്ക്കർഹരായവർക്കും ആശ്രിതർക്കും ക്യാഷ് അവാർഡ് ഇനത്തിൽ 4,00,000/- രൂപയും കുടിശ്ശികയായുണ്ട്.

നിയമവകുപ്പിന്റെ ഭരണനിയന്ത്രണത്തിലുള്ള സ്ഥാപനമായ കെൽസയിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന് വാഹനങ്ങളിൽ ഇന്ധനം നിറച്ച വകയിൽ 15,856/- രൂപ നൽകുവാനുണ്ട്. നിയമവകുപ്പിന്റെ ഭരണനിയന്ത്രണത്തിലുള്ള മറ്റൊരു സ്ഥാപനമായ കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിൽ ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്ന സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശികയായ 35,53,265/- രൂപയും കോ-ടെർമിനസ് വ്യവസ്ഥയിലുള്ള ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശികയായ ബാധ്യതയുണ്ട്. 37,45,342/- രൂപയും ചേർത്ത് 72,98.607/- രൂപ കുടിശ്ശികയായുണ്ട്.

കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെയും അനുബന്ധ ഗവേഷണ സ്ഥാപനങ്ങളിലെയും ഏഴാം കേന്ദ്ര ശമ്പള പരിഷ്കരണത്തിലെ കുടിശ്ശിക ചുവടെ ചേർക്കുന്നു.

| **സ്ഥാപനത്തിന്റെ പേര്** | **തുക ലക്ഷത്തിൽ** |
|---|---|
| കേരള വനഗേവഷണ സ്ഥാപനം | 135 |

| | |
|---|---|
| ജല വിഭവ വികസന വിനിയോഗ കേന്ദ്രം | 662 |
| ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്ക് ഗാർഡൻ | 531.6 |
| കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ് | 42.32 |
| ദേശീയ ഗതാഗത ആസൂത്രണ ഗവേഷണ വികസന കേന്ദ്രം | 360 |
| മലബാർ ബൊട്ടാണിക് ഗാർഡൻ ആന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാന്റ് സയൻസസ് | 1.80 |
| കൗൺസിൽ ആസ്ഥാനം | 460 |

മൃഗസംരക്ഷണ -ക്ഷീരവികസന വകുപ്പ്- കളുടെയും വകുപ്പുകളുടെ കീഴിലുള്ള പൊതുമേഖലാ സ്ഥാപങ്ങൾക്ക് നൽകാനുള്ള കുടിശ്ശിക ചുവടെ ചേർക്കുന്നു.

| **സ്ഥാപനത്തിന്റെ പേര്** | **കുടിശ്ശിക** |
|---|---|
| KVASU | 19.81Cr |
| KLDB | 1022.76 Lakh |
| KSPDC | 1.5435 Cr |
| KFL | 4 Cr |
| MPI | 100 Lakh |

മെഡിക്കൽ വിദ്യാഭ്യാസവകുപ്പിന് കീഴിലുള്ള പുതിയ മെഡിക്കൽ കോളേജുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക ബില്ലുകളുടെ വിവരം ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം ഇന്ദിരാഗാന്ധി മെഡിക്കൽ കോളേജിലെ (നിലവിൽ ATELC) ഇലക്ട്രിക്കൽ ജോലികളുമായി ബന്ധപ്പെട്ട് 2,31,680/- രൂപ മെസ്സേഴ്സ് സ്വാൻ ഇലക്ട്രിക്ക് കൺസോർഷ്യം എന്ന കമ്പനിക്ക് നൽകുവാനുണ്ട്. ലിഫ്റ്റ് ജോലികളുമായി ബന്ധപ്പെട്ട് 50,71,430/- രൂപ മെസ്സേഴ്സ് T.K, എലിവേറ്റേഴ്സ് എന്ന കമ്പനിക്ക് നൽകുവാനുണ്ട്.

കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജ് ഹോസ്റ്റൽ ബ്ലോക്ക് സിവിൽ ജോലികളുമായി ബന്ധപ്പെട്ട് മെസ്സേഴ്സ് ആർആർ തുളസി ബിൽഡേഴ്സിന് 69,05,181/- രൂപ കുടിശ്ശികയുണ്ട്. കാസർഗോഡ് സർക്കാർ മെഡിക്കൽകോളേജിന്റെ അക്കാദമിക് ബ്ലോക്ക് സിവിൽ ജോലികളുമായി ബന്ധപ്പെട്ട് മെസ്സേഴ്സ്

ശ്രീക്കോ ബിൽഡേഴ്സിന് 1,99,93,952/- രൂപകുടിശ്ശികയുണ്ട്. കാസർഗോഡ് സർക്കാർ മെഡിക്കൽകോളേജിന്റെ അക്കാദമിക് ബ്ലോക്ക് ലിഫ്റ്റ് ജോലികളുമായി ബന്ധപ്പെട്ട് മെസ്സേഴ്സ് ഒമേഗ എലിവേറ്റർസിനു 23,31,720/- രൂപ കുടിശ്ശികയുണ്ട്. കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിന്റെ പാർപ്പിട സൗകര്യങ്ങളുടെ ജോലികളുമായി ബന്ധപ്പെട്ട് മെസ്സേഴ്സ് ഊരാളുങ്കൽ ലേബർ സൊസൈറ്റിക്ക് നിലവിൽ RS. 1,59,98,345/-രൂപ കുടിശ്ശികയുണ്ട്. മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിൽ മെസ്സ് കിറ്റ്കോ ചുമതലയിൽ വരുന്ന 103.86 കോടി രൂപയുടെ നിർമ്മാണ പ്രവർത്തികളിൽ ലിഫ്റ്റ് പ്രവർത്തി കരാറുകാരന് ടെക്നിക്കൽ കമ്മിറ്റി ശുപാർശ ചെയ്ത 37,68,999/- രൂപയും, ഫൈറ്റിംഗ്കരാറുകാരൻ അടവാക്കിയ ജി.എസ്.ടി തുകയായ1,34,562/ ഇലക്ട്രിക്കൽ പ്രവർത്തി കരാറുകാരൻ അടവാക്കിയ ജി.എസ്.ടി തുകയായ 19,45,123/- രൂപയും ചേർത്ത് 58,48,684/- രൂപ കരാറുകാർക്ക് നൽകുവാനുണ്ട്. ടെക്നിക്കൽ കമ്മിറ്റി ഫോർ ഡി.എം.ഇ വർക്ക്സ് അംഗങ്ങൾക്ക് കഴിഞ്ഞ 16 മാസമായി പ്രതിഫലം നൽകിയിട്ടില്ല. ടി പ്രതിഫലതുകയായി 18,63,000/- രൂപ നൽകുവാനുണ്ട്. ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ മരുന്ന് പരിശോധനയുമായി ബന്ധപ്പെട്ട് ഡ്രഗ്സ് ഇൻസ്പെക്ടർമാർ സാമ്പിളുകൾ ശേഖരിച്ച വകയിൽ 31.01.2023 വരെ 20,36,340/- രൂപയുടെ സാമ്പിൾ ബിൽ തുക വിവിധ സ്ഥാപനങ്ങൾക്ക് കൊടുത്തു തീർക്കുവാനുണ്ട്. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിൽ സർക്കാർ ആശുപത്രികളിൽ അവശ്യമരുന്നുകൾ വിതരണം ചെയ്ത ഇനത്തിൽ 28.02.2023 വരെയുള്ള തീയതിയിൽ വിവിധ മരുന്നു കമ്പനികൾക്ക് കുടിശ്ശികയായി 313 കോടി രൂപ നൽകാനുണ്ട്. കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയിൽ FIT മുഖേന നൽകി വരുന്ന SFRA കെട്ടിട നിർമ്മാണത്തിന്റെ നാലാം ഘട്ട പ്രവർത്തികളുടെ I & II പാർട്ട് ബിൽ തുകയായ 92,24,283 രൂപ സർക്കാരിൽ നിന്നും ലഭിക്കുവാനുണ്ട്. | കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയും കാരുണ്യ ബനവലന്റ് ഫണ്ടിന്റെയും - സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴിയാണ് നടന്നു വരുന്നത്. ടി പദ്ധതികളുടെ - സംബന്ധിച്ച് സംസ്ഥാനത്തെ വിവിധ സർക്കാർ സ്വകാര്യ ആശുപത്രികൾക്ക് നൽകുവാനുള്ള കുടിശ്ശിക ചുവടെ ചേർക്കുന്നു.

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി - 914,18.14,702.00/-

കാരുണ്യ ബനവലന്റ് ഫണ്ട്- 139,22,95,014.00/-

ഇംഹാൻസിലെ ഡയറക്ടർക്ക് ശമ്പള പരിഷ്കരണ കുടിശ്ശികയിനത്തിൽ 31,01,739/- രൂപ നൽകുവാനുണ്ട്.

ഐക്കോൺസിലെ സ്ഥിരം ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണത്തിന്റെ ആനുകൂല്യങ്ങളുടെ കുടിശ്ശിക കൊടുത്ത് തീർക്കുവാനുണ്ട്.

ക്ഷീരകർഷക ക്ഷേമനിധി ബോർഡിന് പെൻഷൻ അനുവദിക്കുന്നതിലേയ്ക്കായി അനുവദിച്ച് ഉത്തരവായിട്ടുള്ളതും നാളിതുവരെ ലഭ്യമാകാത്തതുമായ തുകയും പെൻഷൻ അനുവദിക്കുന്നതിലേയ്ക്കായി സർക്കാർ അനുവദിച്ചിട്ടുള്ളതിൽ നിന്നും സർക്കാർ തിരികെ എടുത്തിട്ടുള്ളതുമായ തുകയും കൂടി ആകെ 65,18,11,254/- രൂപ കുടിശ്ശികയുണ്ട്.

കേരള കാർഷിക സർവ്വകലാശാലയിലെ ജീവനക്കാരുടെ മാർച്ച് 2021 ശമ്പളത്തോടൊപ്പം പി.എഫ് ലേക്ക് DA അരിയർ ക്രഡിറ്റ് ചെയ്യേണ്ടതിന് ആവശ്യമായ തുക – 5.32 കോടി , അദ്ധ്യാപകർക്ക് 2016 UGC ശമ്പള പരിഷ്കരണ അരിയർ വിതരണം ചെയ്യുന്നതിന് ആവശ്യമായ തുക - 37.57 കോടി, അധ്യാപകർക്ക് CAP അരിയർ വിതരണം ചെയ്യുന്നതിന് ആവശ്യമായ തുക – 4.96 കോടി, സർവ്വകലാശാല പെൻഷൻകാർക്ക് പരിഷ്കരിച്ച പെൻഷൻ ആനുകൂല്യങ്ങളും മറ്റ് വിരമിക്കൽ ആനുകൂല്യങ്ങളും വിതരണം ചെയ്യുവാൻ ആവശ്യമായ തുക:

1. ഡി.സി.ആർ.ജി കുടിശ്ശിക - 7.76 കോടി

2. കമ്മ്യൂട്ടേഷൻ തുക – 30.48 കോടി

3. 11$^{th}$ പെൻഷൻ പരിഷ്കരണ കുടിശ്ശിക -14.69 കോടി

4. മാക്സിമം പെൻഷൻ കുടിശ്ശിക (അദ്ധ്യാപകർ) - 8.79 കോടി

5. UGC 2016 പെൻഷൻ പരിഷ്കരണ കുടിശ്ശിക – 10.53 കോടി

6. ആജീവനാന്ത കുടിശ്ശിക – 0.21 കോടി

7. തൊഴിലാളികളുടെ പെൻഷൻ പരിഷ്കരണ കുടിശ്ശിക – 9.45 കോടി

8. ക്ഷാമാശ്വാസ കുടിശ്ശിക – 21.57 കോടി

മൊത്തം കുടിശിക – 152.96 കോടി രൂപ

കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ കോൺട്രാക്ടർമാർക്ക് നൽകേണ്ട തുക - 1,69,65,000/-

രൂപ, ഗ്രാറ്റുവിറ്റി കുടിശ്ശിക - 1,01,61,918/- രൂപ, ബോർഡ് ഓഫ് ട്രസ്റ്റിൽ അടയ്ക്കേണ്ട തുക - 2,53,28,705/- രൂപ.

കേരള സംസ്ഥാന നാളീകേര വികസന കോർപ്പറേഷനിൽ വിവിധ വിഭാഗങ്ങളിലായി 138696595/- രൂപ കുടിശ്ശികയുണ്ട്.

കേരാഫെഡ് പച്ചത്തേങ്ങ സംഭരണത്തിന് നാളിതുവരെ ആകെ 28,79,67,115/- രൂപ പച്ചത്തേങ്ങയുടെ വിലയിനത്തിൽ മാത്രം ചെലവഴിച്ചിട്ടുണ്ട്. 14.74 കോടി രൂപ സർക്കാരിൽ നിന്നും ലഭിക്കാനുണ്ട്. 2.12 കോടി രൂപ കൊപ്ര ഡ്രയറുകൾ സ്ഥാപിക്കുന്നതിനും, നിലവിലുള്ളവ റിപ്പയർ ചെയ്യുന്നതിനും വേണ്ടി അനുവദിച്ചിരുന്നു. എങ്കിലും ആകെ 1.27 കോടി രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ബാക്കി 0.85 കോടി രൂപ ലഭിക്കാനുണ്ട്.

കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ 2019 ജൂലൈ മുതൽ 2021 ഡിസംബർ വരെ കമ്മീഷനിൽ നിന്നും സർക്കാരിലേയ്ക്ക് ശിപാർശ ചെയ്ത 1598187309/- രൂപയിൽ 12795549/- രൂപയാണ് സർക്കാരിൽ നിന്നും അനുവദിച്ചിട്ടുള്ളത്. ശേഷിക്കുന്ന 1588391760/- രൂപയാണ് ഇനി അനുവദിക്കാനുള്ളത്.

ഓയിൽ പാം ഇന്ത്യ ലിമിറ്റഡിന് 2012-13 സാമ്പത്തിക വർഷം മുതൽ 2021-22 സാമ്പത്തിക വർഷം വരെ SIB ഇനത്തിൽ കുടിശ്ശികയായി 8.51 കോടി രൂപ ലഭിക്കാനുണ്ട്. കമ്പനിക്ക് സപ്ലൈകോ വഴി അവകാശപ്പെട്ട SIB തുകയിൽ ബാക്കി ലഭിക്കുവാനുള്ള 0.89 കോടി രൂപയുടെ പ്രൊപ്പോസൽ സപ്ലൈകോയ്ക്ക് നൽകിയിട്ടുള്ളതും 2012-2013 സാമ്പത്തിക വർഷം മുതൽ 2021-22 സാമ്പത്തിക വർഷം വരെ വിവിധ Centrally Sponsored Schemes ന്റെ ഭാഗമായി ഓയിൽ പാം കൃഷി കേരളത്തിൽ വ്യാപിപ്പിക്കുന്നതിനായി കർഷകർക്ക് നൽകിയ തുക സർക്കാരിൽ നിന്നും ക്ലെയിം ആയി ലഭിക്കാനുള്ള കുടിശ്ശിക 3.10 കോടി രൂപയാണ്. ജനകീയ കശുമാവ് കൃഷി വ്യാപനത്തിന്റെ ഭാഗമായി സർക്കാരിൽ നിന്ന് ലഭിക്കുവാനുള്ള ധനസഹായം 6.89 ലക്ഷം രൂപയാണ്.

സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യത്തിന് സർക്കാരിൽ നിന്നും 5 കോടി രൂപ ഫാർമേഴ്സ് കാൾ സെന്റർ ആരംഭിക്കുന്നതിനായി അനുവദിക്കുകയും കാൾ സെന്റർ 01/02/2016 മുതൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 31/03/2018 വരെ ഇതിനായി 2,07,20,437/- രൂപ ചെലവഴിച്ചിട്ടുണ്ട്. G.O. (P) no. 51/2018 തീയതി 28/03/2018 പ്രകാരം T.P Account No. 701010200003946 ൽ

| | | | |
|---|---|---|---|
| | | | ഉണ്ടായിരുന്ന 18,46,16,476/- രൂപ 30/03/2018 ൽ സർക്കാരിലേയ്ക്ക് തിരികെ എടുക്കുകയുണ്ടായി. ടി തുക എസ്.എഫ്.എ.സി യ്ക്ക് തിരികെ ലഭിക്കുന്നതിനായി സർക്കാരിലേയ്ക്ക് നിരവധി അപേക്ഷകൾ സമർപ്പിച്ചതിന്റെ ഫലമയി 74,25,000/- രൂപ ലഭിക്കുകയുണ്ടായി. ബാക്കി തുകയായ 2,18,54,563/- രൂപ നാളിതുവരെ ലഭ്യമായിട്ടില്ല.<br><br>ഹോർട്ടി കോർപ്പ് ജീവനക്കാരുടെ ഡി എ കുടിശ്ശികയായി 26,26,304/- രൂപ കൊടുത്തു തീർക്കുവാനുണ്ട്.<br><br>വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന്റെ പത്താം ശമ്പള പരിഷ്കരണം നടപ്പിലാക്കിയതു വഴി ശമ്പള കുടിശ്ശികയായി 7.15 കോടി രൂപയോളവും കുടിശ്ശിക ഇനത്തിൽ 1.47 കോടി രൂപയോളവും ജീവനക്കാർക്ക് നൽകുവാനുണ്ട്.<br><br>ഹോർട്ടികൾച്ചർ മിഷൻ സേവനത്തിൽ നിന്നും വിരമിച്ചവരും, സ്ഥലം മാറ്റം കിട്ടിയവരുമായ ഓഫീസർമാരുടെ ഡി.എ കുടിശ്ശികയും, ശമ്പള പരിഷ്കരണ കുടിശ്ശികയും ചേർത്ത് നിലവിലെ കണക്കനുസരിച്ച് 41,55,000/- രൂപയാണ് കുടിശ്ശികയുള്ളത്. |
| (ബി) | ട്രഷറിയിൽ നിലവിൽ എന്ത് തുക മിച്ചമുണ്ട്; വിശദാംശം ലഭ്യമാക്കുമോ? | (ബി) | 22.02.2023-ൽ സംസ്ഥാനത്തിന്റെ ട്രഷറി ബില്ലുകളിലെ നിക്ഷേപം 1658.93 കോടി രൂപയാണ്. ട്രഷറിയിലെ മിച്ചമുള്ള തുകയാണ് ട്രഷറി ബില്ലുകളിൽ നിക്ഷേപിക്കുന്നത്. ആയതിനാൽ ട്രഷറി ബില്ലുകളിലെ നിക്ഷേപം തന്നെയാണ് ട്രഷറിയിൽ മിച്ചമുള്ള തുക. |

സെക്ഷൻ ഓഫീസർ